**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2000 | 04.05.2017-ൽ മറുപടിക്ക്

**ആഭ്യന്തര ടൂറിസം**

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം ശക്തിപ്പെടുത്തുന്നതിന് വിനോദ സഞ്ചാര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

1. ടൂറിസം മേഖലയിലുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾ കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് നടപ്പാക്കി.

2. മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. അഡ്വഞ്ചർ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4. കേരളത്തിലെ സാംസ്കാരിക പരിപാടികൾ, ഉൽസവങ്ങൾ എന്നിവ ഉൾപ്പെടുത്തി കലണ്ടർ തയ്യാറാക്കുകയും ആയത് ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ വഴി ആഭ്യന്തര ടൂറിസ്റ്റുകൾക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

5. ഉത്തരവാദിത്ത ടൂറിസം ആഭ്യന്തര വിപണിക്ക് പരിചയപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. സഞ്ചാരികൾക്ക് ടൂർ ഓപ്പറേറ്റർമാരും ഹോട്ടലുകളുമായി സഹകരിച്ച് ആകർഷകമായ

ആനുകൂല്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

7. കേരളത്തെ വിവാഹ/MICE ടൂറിസത്തിനുള്ള പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ, ഓഫ് ലൈൻ പ്രചരണ മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു.

8. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട 22 നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ